**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022 ഡിസംബറിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.എസ്.സി. നഴ്സിംഗിന് പ്രവേശനം ലഭിച്ച എറണാകുളം ജില്ലയിലെ തേവര, പെരുമാനൂർ, കളത്തിപ്പറമ്പിൽ വീട്ടിൽ ആതിര ഷാജിക്ക് അസുഖംമൂലം പഠനം തുടരാൻ സാധിക്കാത്ത സാഹചര്യമായതിനാൽ നിർദ്ധന കുടുംബാംഗമായ ടിയാൾക്ക് രണ്ടര ലക്ഷം രൂപ വരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് തുക മാനുഷിക പരിഗണന നൽകി ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റ് തിരിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | 2022-23 അധ്യയന വർഷം ആലപ്പുഴ ഗവണ്മെന്റ് നേഴ്സിംഗ് കോളേജിൽ എം.എസ്.സി നേഴ്സിംഗ് പഠനത്തിന് ചേരുകയും ക്ലാസ്സ് ആരംഭിച്ചതിനുശേഷം തുടർ പഠനം ഉപേക്ഷിക്കുകയും ചെയ്ത എറണാകുളം സ്വദേശിയായ കുമാരി ആതിര ഷാജി, ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി തന്റെ സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണം എന്ന് അപേക്ഷിച്ചുകൊണ്ട് എം.എൽ.എ -യുടെ 27.02.2023- ലെ കത്ത് മുഖാന്തരം സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും എറണാകുളം ജില്ലാ കളക്ടറിൽ നിന്നും കുട്ടിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.<br><br>2022-2023 അധ്യയന വർഷത്തെ എം.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 16.2 (ബി) പ്രകാരം ക്ലാസ്സ് ആരംഭിച്ചതിനുശേഷം കോഴ്സ് പൂർത്തിയാക്കാതെ വിടുതൽ നേടുന്നവർ നഷ്ടപരിഹാരത്തുകയായി 2.5 (രണ്ടര) ലക്ഷവും, കൈപ്പറ്റിയ മുഴുവൻ സ്റ്റൈപ്പന്റ് തുകയും തിരിച്ചടയ്ക്കേണ്ടതുണ്ട്. കുമാരി ആതിര ഷാജിയുടെ ആരോഗ്യപ്രശ്നങ്ങളും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടുന്നതിനും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി കിട്ടുന്നതിനുമായി 27.02.2023-ന് എം.എൽ.എ. മുഖാന്തിരം ആരോഗ്യവകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | 2022-23 അധ്യയന വർഷം ആലപ്പുഴ ഗവണ്മെന്റ് നേഴ്സിംഗ് കോളേജിൽ എം.എസ്.സി നേഴ്സിംഗ് പഠനത്തിന് ചേരുകയും ക്ലാസ്സ് ആരംഭിച്ചതിനുശേഷം തുടർ പഠനം ഉപേക്ഷിക്കുകയും ചെയ്ത എറണാകുളം സ്വദേശിയായ കുമാരി ആതിര ഷാജി, ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി തന്റെ സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണം എന്ന് അപേക്ഷിച്ചുകൊണ്ട് എം.എൽ.എ -യുടെ 27.02.2023- ലെ കത്ത് |

| | | | | |
|---|---|---|---|---|
| | | | | മുഖാന്തരം സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും എറണാകുളം ജില്ലാ കളക്ടറിൽ നിന്നും കുട്ടിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.<br><br>2022-2023 അധ്യയന വർഷത്തെ എം.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 16.2 (ബി) പ്രകാരം ക്ലാസ്സ് ആരംഭിച്ചതിനുശേഷം കോഴ്സ് പൂർത്തിയാക്കാതെ വിട്ടുതൽ നേടുന്നവർ നഷ്ടപരിഹാരത്തുകയായി 2.5 (രണ്ടര) ലക്ഷവും, കൈപ്പറ്റിയ മുഴുവൻ സ്റ്റൈപ്പന്റ് തുകയും തിരിച്ചടയ്ക്കേണ്ടതുണ്ട്. കുമാരി ആതിര ഷാജിയുടെ ആരോഗ്യപ്രശ്നങ്ങളും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ